## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 941** **10.06.2019 ലെ മറുപടി**

### നദികളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ നദികളെയും മറ്റ് ജലസ്രോതസ്സുകളെയും വീണ്ടെടുക്കുന്നതിന് വിവിധ സംഘടനകളും ഏജൻസികളും സർക്കാർ സഹായത്തോടെയും അല്ലാതെയും നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (എ) യും (ബി) യും കേരളത്തിലെ പൊതുജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ പൊതുജനങ്ങൾ/ ജനപ്രതിനിധികൾ തുടങ്ങിയവരുടെ സഹായത്തോടെ നിർവ്വഹിക്കപ്പെട്ട പ്രവർത്തനഫലമായുണ്ടായ നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ സംസ്ഥാനബജറ്റിൽ മൂന്ന് ഹെഡ് ഓഫ് അക്കൗണ്ടുകളിലായി 26.11 കോടി രൂപ ഹരിതകേരളം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുമാത്രമായി നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമെ വകുപ്പിന് ബജറ്റിൽ ലഭ്യമായിട്ടുള്ള മറ്റ് തുകയും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് വിനിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ